## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 288 28.06.2011-ൽ മറുപടിയ്ക്ക്

### അമ്പലപ്പുഴ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരിച്ച ജില്ലയായി പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ എല്ലാ അപേക്ഷകർക്കും പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾക്കും വൈദ്യുതി നൽകുന്ന പ്രവർത്തനം തെരഞ്ഞെടുപ്പ് കാരണം നിർത്തിവച്ചത് എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ; | (ബി) ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുത കണക്ഷൻ നൽകുന്നുണ്ട്. |
| (സി) അമ്പലപ്പുഴ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായോ ; ഇല്ലെങ്കിൽ എന്നു പൂർത്തിയാകും ; എത്ര അപേക്ഷകൾ ബാക്കിയുണ്ട് ; അവ എന്ന് അനുവദിക്കും ; | (സി) ലൈൻ വലിക്കുന്നതിനുള്ള സമ്മത പത്രം ലഭിക്കാത്ത രണ്ട് അപേക്ഷകൾ ബാക്കിയുണ്ട്. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അനുമതി കിട്ടുന്നമുറയ്ക്ക് ഇവ നൽകുന്നതാണ്. ഗുണഭോക്തൃ പട്ടികയിൽ ഉള്ള ബാക്കി ഗുണഭോക്താക്കൾക്ക് അപേക്ഷ നൽകിയാലുടൻ കണക്ഷൻ നൽകുന്നതാണ്. കൂടാതെ 31-03-2011 വരെ അപേക്ഷിച്ച എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുന്നതിന് അനുമതി നൽകിയി ട്ടുണ്ട്. |
| (ഡി) അമ്പലപ്പുഴ മണ്ഡലത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ | (ഡി) **നടപടി സ്വീകരിക്കുന്നുണ്ട്.** |

താമസിക്കുന്ന മേഖലകളിലും മത്സ്യ തൊഴിലാളി മേഖലയിലും വൈദ്യുതീ കരണം പൂർത്തിയായി എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരി ക്കുമോ ;

(ഇ) അമ്പലപ്പുഴ മണ്ഡലത്തിൽ സുനാമി പദ്ധതിപ്രകാരം വൈദ്യുതി വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തന ങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ ?

(ഇ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സുനാമിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾ താഴെ പറയും പ്രകാരമാണ്.

| | പ്രവൃത്തി | TEAP | TRP | ആകെ |
|---|---|---|---|---|
| 1 | 11 കെ. വി ലൈൻ | 38 Km | 1 Km | 39 Km |
| 2 | ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ | 51 Nos | 3 Nos | 54 Nos |
| 3 | ത്രീഫേസ് ലൈൻ | 11 Km | 1 Km | 12Km |
| 4 | സിംഗിൾഫേസ് ലൈൻ | 16 Km | 3 Km | 19 Km |
| 5 | സിംഗിൾഫേസ് ലൈൻ ത്രീഫേസ് ആക്കൽ | 15 Km | 1 Km | 16 Km |
| 6 | 11 കെ. വി റീകണ്ടക്ടറിംഗ് | 6.15 Km | --- | 6.15 Km |
| 7 | സർവ്വീസ് കണക്ഷൻ | 630 Nos | --- | 630 Nos |
| 8 | ആകെ ചെലവ് | 356 ലക്ഷം | 19 ലക്ഷം | 375 ലക്ഷം |

സെക്ഷൻ ഓഫീസർ.